കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കണ്ണമംഗലം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.14/222 /19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

തിയ്യതി: 20-02-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ണമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കണ്ണമംഗലം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ.മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.

4)കാര്യാലയ പകർപ്പ്.

എം.എ.2/19

നം. കെ.എസ്.എ.എം.പി.എം.14/222/2019 തിയ്യതി: 20-02-2019

**മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-07-2017 മുതൽ 24-01-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ. അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 25-01-2019 മുതൽ 07-02-2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. ഷീബ. ഇസഡ് | ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ് |
| ശ്രീ. മൂസ്സ. ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ്. പി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. സരോജിനി കെ പി | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. രാജശേഖരൻ പി. കെ | 01.04.2017 മുതൽ 02.06.2017 വരെ |
| ശ്രീ. രമേഷ് പി, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | 03.06.2017 മുതൽ 09.08.2017 വരെ |
| ശ്രീ. പ്രഭാകരൻ പരി | 10.08.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. രാജശേഖരൻ പി. കെ | 01.04.2017 മുതൽ 02.06.2017 വരെ |
| | ശ്രീ. രമേഷ് പി, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | 03.06.2017 മുതൽ 09.08.2017 വരെ |
| | ശ്രീ. പ്രഭാകരൻ പരി | 10.08.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. രമേഷ്. പി | 01.04.2017 മുതൽ 13.09.2017 വരെ |
| | ശ്രീമതി. വിജയ സി.എൽ | 14.09.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ഉണ്ണികൃഷ്ണൻ. ബി | 01.04.2017 മുതൽ 03.06.2017 വരെ |
| | ഒഴിവ് | 04.06.2017 |
| | ശ്രീ. സന്തോഷ് കുമാർ | 05.06.2017 മുതൽ 16.06.2017 വരെ |

| | | |
|---|---|---|
| | ശ്രീ. അനിൽകുമാർ | 17.06.2017 മുതൽ 27.10.2017 വരെ |
| | ശ്രീ. രാജീവ്. പി.ടി | 28.10.2017 മുതൽ 09.11.2017 വരെ |
| | ശ്രീ. അരുൺ നാരായണൻ. ജി | 10.11.2017 മുതൽ 30.01.2018 വരെ |
| | ശ്രീ. ആർഷനാഥ് | 31.01.2018 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വേലായുധൻ സി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. ജംഷീദ് കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. അനീഷ് കുമാർ എസ്.ബി | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുമ. കെ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. അബ്ദുൽ റഷീദ് | 01.04.2017 മുതൽ 07.06.2017വരെ |
| | ഒഴിവ് | 08.06.2017 മുതൽ 15.07.2017വരെ |
| | ശ്രീ. ഹരീഷ്കുമാർ | 16.07.2017 |

| | | |
|---|---|---|
| | | മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സുന്ദര. കെ | 01.04.2017 മുതൽ 03.08.2017 വരെ |
| | ഡോ. മൊഹിദ്ദീൻ | 04.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ദിവ്യ കെ രാജ് | 01.04.2016 മുതൽ 30.06.2017 വരെ |
| | ഡോ. എൻ. എൻ. സിന്ധുൾ | 01.07.2017 മുതൽ 27.12.2017 വരെ |
| | ഡോ. ദിവ്യ കെ രാജ് | 28.12.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ഗ്രേസ് എ തച്ചിൽ | 01.04.2017 മുതൽ 30.01.2018 വരെ |
| | ശ്രീ. മഹേഷ് പി | 31.01.2018 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം II വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 13 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് - പഞ്ചായത്തിന് വരുമാന നഷ്ടം | 2-1 | |
| ഭാഗം III ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 14 | റൂഫിങ് പ്രവൃത്തി - സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി | 3-1 | |
| 15 | റൂഫിങ് പ്രവൃത്തി - അധിക നിരക്ക് നൽകി | 3-2 | |
| 16 | സെന്ററിങ് പ്രവൃത്തി - അധിക നിരക്ക് നൽകി | 3-3 | |
| 17 | റോഡ് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി - Gi പൈപ്പിന് അധിക തുക നൽകി | 3-4 | |
| 18 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 3-5 | |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-6 | |
| 20 | എസ്.എസ്.എ.ഫണ്ട് കൈമാറിയത് - കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപ്പത്രം -ഹാജരാക്കിയില്ല തുക തടസ്സം ചെയ്യുന്നു | 3-7 | |
| 21 | തുല്യതാ പരീക്ഷ – കേരള സംസ്ഥാന സാക്ഷരതാ മിഷന് തുക അടവാക്കിയത്- കൈപ്പറ്റ് രശീതി,വിനിയോഗസാക്ഷ്യപ്പത്രം എന്നിവ ഹാജരാക്കിയില്ല | 3-8 | |
| 22 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്റ്റുകൾ - അവലോകനം | 3-9 | |
| 23 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-10 | |
| 24 | ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് /ബത്ത ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയില്ല-12 മാസവും ആനുകൂല്യംനൽകണമെന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല | 3-11 | |
| 25 | ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തി പദ്ധതികളുടെ അപാകതകൾ | 3-12 | |
| 26 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ -വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല | 3-13 | |
| 27 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ പ്രധാന അപാകതകൾ | 3-14 | |

| | | | |
|---|---|---|---|
| 28 | VEO നിർവ്വഹണം നടത്തിയ പദ്ധതികൾക്ക് മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയില്ല | 3-15 | |
| 29 | അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-16 | |
| 30 | പെയിൻ ആൻഡ് പാലിയേറ്റീവിനു സഹായം-പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല | 3-17 | |
| 31 | ആശ്രയ ഒന്നാം ഘട്ടപദ്ധതി പദ്ധതി പൂർത്തീകരണം- അധികം നൽകിയ തുക തിരികെ ഒടുക്കി | 3-18 | |
| 32 | ഫയൽ ഹാജരാക്കിയില്ല | 3-19 | |
| ഭാഗം IV ഓഡിറ്റ് പ്രത്യവലോകനം | | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 34 | നിക്ഷേപ പ്രവർത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| അനുബന്ധം | | | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 43 | Audit Certificate | 2 | |
| 44 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 45 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 46 | ബാലൻസ് ഷീറ്റ് | 5 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയ്യതി | 7(1)/10-03-2017 |
| പുതുക്കിയ ബജറ്റ് തീരുമാന നമ്പർ/തിയ്യതി | 2(1)/21-03-2018 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 31.07.2018 | 14.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | വാർഷിക കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018 മുതൽ 14.06.2018 വരെ. | കെ.എസ്.എ.എം.പി.എം 14/1205 /2018/29.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26144484.95 |
| വരവ് | 69180318 |
| ആകെ | 95324802.95 |
| ചെലവ് | 82801387 |
| നീക്കിബാക്കി | 12523415.95 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16323000 | 16323000 | 15463384 | 859616 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7313532 | 7313532 | 5763179 | 1550353 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 106975 | 106975 | 78735 | 28582 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7457000 | 7457000 | 743599 | 21010 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3678000 | 3678000 | 3015605 | 662395 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | 0 | 12470945 | 12470945 | 6954807 | 5516138 |
| കെ.എൽ.എസ്.ജി.ഡി.പി-State (ACR പ്രകാരം) | 0 | 938579 | 938579 | 934100 | 4479 |
| ട്രഷറി ടി.എസ്.ബി | 16534404 | 16937429 | 33471833 | 30437898 | 3033935 |
| SMGB (TSC) | 675190 | 113491 | 788681 | 30439 | 758242 |
| എൻ.ആർ.ഇ.ജി.എസ് | 4126 | 10335794 | 10339920 | 10338857 | 1063 |

| | | | | | |
|---|---|---|---|---|---|
| KCUB ദുരിതാശ്വാസ നിധി | 96909 | 31884 | 128793 | 12300 | 116493 |
| SMGB ആശ്രയ | 478647 | 19380 | 498027 | 118 | 497909 |
| SMGB OAP | 2377 | 0 | 2377 | 0 | 2377 |
| SBI (e-payment) | 11324 | 63741 | 75065 | 12203 | 62862 |
| ബി ഫണ്ട് | 0 | 48145220 | 48145220 | 48145220 | 0 |
| SMGB തനത് ഫണ്ട് | 8147874.95 | 14177413 | 22325287.95 | 14455076 | 7870211.95 |
| SBI തനത് ഫണ്ട് | 24 | 129527 | 129551 | 293 | 129258 |
| ജോയിന്റ് വെഞ്ചർ ജില്ലാ പഞ്ചായത്ത് | 0 | 633600 | 633600 | 633600 | 0 |
| ജോയിന്റ് വെഞ്ചർ ബ്ലോക്ക് | 0 | 1210269 | 1210269 | 1210269 | 0 |
| ക്യാഷ് | 193609 | 51065 | 244674 | 193609 | 51065 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 69018046 | 167 | 49443644 | 2 | 41 | 79.52 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 4126 | 511944 | 516070 | 515007 | 1063 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9574016 | 9574016 | 9574016 | 0 |
| ആകെ | 4126 | 10085960 | 10090086 | 10089023 | 1063 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36120 | 54 |
| കർഷകതൊഴിലാളി പെൻഷൻ | 2498700 | 214 |
| വിധവാപെൻഷൻ | 15034000 | 1358 |
| വാർദ്ധക്യകാലപെൻഷൻ | 25021500 | 2145 |
| വികലാംഗപെൻഷൻ | 4814900 | 427 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 154000 | 18 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 27571 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് ഓഫീസ് ഭിന്നശേഷി- വൃദ്ധജന സൗഹൃദമല്ല.

കണ്ണമംഗലം ഗ്രാമപ്പഞ്ചായത്ത് പ്രവർത്തിക്കുന്നത് കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ്. അതുകൊണ്ടുതന്നെ ഓഫീസിൽ വിവിധ അത്യാവശ്യ സേവനം ലഭിക്കുന്നതിന് വൃദ്ധജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും പ്രവേശിക്കാൻ ബുദ്ധിമുട്ടാണ്. ഓഫീസ് വൃദ്ധജന-ഭിന്നശേഷി സൗഹദമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.പഞ്ചായത്തിന് കൈമാറിയ ICDSന് സൗകര്യപ്രദമാംവിധം ഓഫീസ് സൗകര്യം ഒരുക്കിയില്ല.

പദ്ധതി പ്രവർത്തനങ്ങളുടെ യഥാർത്ഥവിജയം കൈവരിക്കുന്നതിന് കൈമാറിയ സ്ഥാപനങ്ങൾക്ക് സൗകര്യപ്രദമായ ഇരിപ്പിട സൗകര്യം അനിവാര്യമാണ്. എന്നാൽ ജനകീയാസൂത്രണം ആരംഭിച്ച് വർഷങ്ങൾ കടന്നുപോയിട്ടും ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് പഞ്ചായത്തിൽ ഇരിപ്പിട സൗകര്യം ലഭ്യമാക്കിയിട്ടില്ല. ശിശുക്കൾ (0-5)കുട്ടികൾ (5-16),ഗർഭിണികൾ,,മുലയൂട്ടുന്നഅമ്മമാർ,വൃദ്ധജനങ്ങൾ,ഭിന്നശേഷിയുള്ളവർ,വിവാഹ മോചിതരായ സ്ത്രീകൾ,ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ,ഗുരുതര രോഗം ബാധിച്ചവർ തുടങ്ങിയവർക്കായി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ട ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് ഇരിപ്പിട സൗകര്യം ഒരുക്കാത്തത് പദ്ധതി നടത്തിപ്പിനെ ദോഷകരമായി ബാധക്കുന്നതാകയാൽ ഇരിപ്പിട സൗകര്യം സൗകര്യപ്രദമായ ഓഫീസ് സംവിധാനം കംപ്യൂട്ടർ എന്നിവ ഏർപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണടതാണ്.

3.ഫയൽ അനുബന്ധ ചെലവു രേഖകൾ നന്നായി സൂക്ഷിച്ച നിർവ്വഹണ ഉദ്യോഗസ്ഥർ.

അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ എന്നിവർ ഫയൽ അനുബന്ധരേഖകൾ സഹിതം നന്നായി ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

4. നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്റ്റ് പൂർത്തീകരണ/മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
5. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, ട്രൈഡേഴ്സ് ലിസ്റ്റ്, സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. നിയമപരമല്ലാത്ത കെട്ടിടങ്ങളെ കുറിച്ചുള്ള U/A ബിൽഡിംഗ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2019 | 12/2018 | 18-01-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-08-2017 മുതൽ 29-08-2017 വരെ | 2012 -13 മുതൽ 2016 -17 വരെ | 10-10-2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ.എം.പി.എം14/1205/2018/29.08.2018 നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച വാർഷികകണക്കുകളിലെ അപാകതകൾ പരിഹരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരം ഉൾക്കൊള്ളുന്ന

ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. 2018-19 വർഷം മുതൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.
2. 2016-17 ബാലൻസ് ഷീറ്റ് പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക 2017-18 വർഷ കുടിശ്ശിക ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല. നിലവിലെ വസ്തു നികുതി നിർണ്ണയത്തിൽ സർക്കാർ ഉത്തരവുകൾ പ്രകാരം മാറ്റങ്ങൾ വരുത്തി നികുതി പരിഷ്കരിച്ചത് കാരണം കുടിശ്ശികയായി ലഭിക്കേണ്ട നികുതി ഡിമാന്റ് പുതുക്കി നിശ്ചയിക്കപ്പെട്ടതിനാലാണ് വ്യത്യാസം സംഭവിച്ചത് എന്ന് പഞ്ചായത്ത് മറുപടി നൽകി.

3.അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല.
മറ്റു അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് - പഞ്ചായത്തിന് വരുമാന നഷ്ടം

I വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർധനവ് ഡിമാന്റ് ചെയ്തില്ല

2017-18 വർഷത്തിൽ കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച ചുവടെ ചേർക്കുന്ന അപേക്ഷകനിൽ നിന്ന് വസ്തു നികുതി അസസ്സ് ചെയ്തപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർധനവ് കണക്കിലെടുക്കാത്ത് കാരണം 2017-18 വർഷം മുതൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. കെട്ടിട ഉടമയുടെ പേര് : ശ്രീ. അബൂബക്കർ അഞ്ചുകണ്ടൻ, പൂച്ചോലമാട്, കണ്ണമംഗലം.

കെട്ടിടത്തിന്റെ തരം : വാസഗൃഹം

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 12/442 C റസീറ്റ് നമ്പർ : 7095/11-05-2017

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയുടെ 20% നികുതി വർധനവ് വരുത്തേണ്ടതാണ്. കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീറ്റഡ് സൈറ്റ് പ്ലാൻ പ്രകാരം കെട്ടിടത്തിന് 8.5 മീറ്റർ വീതിയുള്ള വഴി സൗകര്യമുള്ളതായി കാണുന്നു. (പൂച്ചോലമാട് - പാക്കടപ്പുറായ റോഡ്) വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർധനവ് കണക്കിലെടുക്കാത്തത് കാരണം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

തറ വിസ്തീർണ്ണം : 131.82 m2, അടിസ്ഥാന വസ്തു നികുതി നിരക്ക് : 3 രൂപ

| നിർണ്ണയിക്കേണ്ടത് | നിർണ്ണയിച്ചത് |
|---|---|
| അടിസ്ഥാന വസ്തു നികുതി : 131.82 x 3 = 395.46<br>മേഖല ഇളവ് (തൃതീയം) 20% : 79.09<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർധനവ് | അടിസ്ഥാന വസ്തു നികുതി : 131.82 x 3 = 395.46<br>മേഖല ഇളവ് (തൃതീയം) 20% : 79.09 |

| | |
|---|---|
| 20% : 79.09<br>ആകെ വസ്തു നികുതി : 395<br>ലൈബ്രറി സെസ്സ് : 20 | ആകെ വസ്തു നികുതി : 316<br>ലൈബ്രറി സെസ്സ് : 16 |

II തറ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി ഡിമാന്റ് ചെയ്തില്ല

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച്, കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച ചുവടെ ചേർക്കുന്ന അപേക്ഷകനിൽ നിന്ന് തറ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി ഡിമാന്റ് ചെയ്തതിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

അപേക്ഷകന്റെ പേര് : ശ്രീ. അബ്ദുൽ നാസർ

കെട്ടിടത്തിന്റെ തരം : വാണിജ്യം

അടിസ്ഥാന വസ്തു നികുതി : @ 30 രൂപ

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 10/336 A, 336 B, 336 C, 336 D, 336 E, 336 F, 336G, 336 H

തറ വിസ്തീർണ്ണം : 252.23 m2 (GF 423.85 m2 + FF 94.04 m2+ Toilet 7.34 m2)

13-07-2017 ന് കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ തറ വിസ്തീർണ്ണം ടോയ്‌ലെറ്റ് ഉൾപ്പെടെ 252.23 m2 എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ വസ്തു നികുതി നിർണയിച്ചപ്പോൾ ടോയ്‌ലെറ്റ് ബ്ലോക്കിന്റെ 7.34 m2 തറവിസ്തീർണ്ണത്തിന് നികുതി നിർണയിച്ചിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി ചുമത്തേണ്ടതാണ്. ആയത് പ്രകാരം ചുവടെ ചേർക്കുന്ന പ്രകാരം കുറവായാണ് നികുതി നിർണ്ണയിച്ചത്

അടിസ്ഥാന വസ്തു നികുതി @30 : 7.34 x 30 = 220.2

മേഖല ഇളവ് (ദ്വിതീയം) 10% : 22.02

വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർധനവ് 20% : 44.04

ആകെ വസ്തു നികുതി : 242

ലൈബ്രറി സെസ്സ് : 12

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/04-02-2019) അപാകത പരിഹരിക്കുന്നതാണ് എന്നറിയിച്ചു. കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് കുറവ് വന്ന തുക ഈടാക്കേണ്ടതും, തുടർ വർഷങ്ങളിൽ നികുതി കൃത്യമായി ഈടാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റൂഫിങ് പ്രവൃത്തി - സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ കെട്ടിടങ്ങളുടെ മേൽ കൂര പണിയുന്നതിന് വാൾ പ്ലെയിറ്റ്, പോസ്റ്റ് , കോമൺ റാഫ്റ്റർ, പർലിൻ എന്നിവക്കായി ഉപയോഗിച്ച റെക്റ്റാങ്കുലർ ഹോളോ പൈപ്പിന് / GI പൈപ്പ് എന്നിവക്ക് ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളെല്ലാം തന്നെ സിംഗിൾ സെക്ഷൻ പ്രവൃത്തികളാണെന്ന് 4.2.2019 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യമായി.

സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് DSR code 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. എന്നാൽ മേൽ പരാമർശിച്ച ഇനത്തിന് ട്രസ്സ് വർക്കിന് ബാധകമായ DSR code 50.10.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് അനുവദനീയമല്ല.

അധികം നൽകിയ തുക 14511 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്ത അളവ് | നൽകിയ തുക (code50.10.1) | നൽകാവുന്നതുക (code 50.10.2) | അധികം |
|---|---|---|---|---|
| കക്കൂസ് ഇല്ലാത്ത സ്കൂളുകൾക്ക് കക്കൂസ് നിർമ്മാണം ( 9/18).<br>കരാറുകാരൻ ശ്രീ. കോയക്കുട്ടി.<br>അളവ് പുസ്തകം 28/17-18 ,33/17-18<br>ബിൽ 29/11.1.2018 തുക 220584<br>DSR 2014 cost index 36.19% | ഇനം 6<br>81.48 /Kg | 12234<br>@150.15 /Kg | 10037<br>@ 123.18/Kg | 2197 |
| അംഗൻവാടികൾക്ക് കക്കൂസ് നിർമ്മാണം ( 10/18).<br>കരാറുകാരൻ ശ്രീ.ഷാനവാസ്. ഇ.വി<br>അളവ് പുസ്തകം 34/17-18, 30/17-18<br>ബിൽ 30/11.1.18 തുക 150000<br>ചെക്ക് 161430/16.1.2018 തുക 15658<br>DSR 2014 cost index 36.19% | ഇനം11<br>79.04Kg | 11868<br>@150.15 /Kg | 9736<br>@ 123.18/Kg | 2132 |

| | | | | |
|---|---|---|---|---|
| GLPS കണ്ണമംഗലം അഭിവൃദ്ധിപ്പെടുത്തൽ (217/18)<br>കൺവീനർ ശ്രീ.മുഹമ്മദ് അസ്ലം<br>അളവ് പുസ്തകം 47/17-18,<br>ബിൽ 75/31.3.18 തുക 819418<br>DSR 2016 cost index 37.25% | 426.73Kg<br>(പർലിൻ 40*40GI പൈപ്പ് 251.02മീറ്റർ*1.7/KG) | 54831<br>@128.49/Kg | 44649<br>@104.63 | 10182 |
| ആകെ | | | | 14511 |

8/5.2.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 റൂഫിങ് പ്രവൃത്തി - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ GLPS എടക്കാപറമ്പ് ഓപ്പൺ എയർ ഓഡിറ്റോറിയം എന്ന പ്രവൃത്തിയുടെ ഇനം 2 ആയി റൂഫിങ് പ്രവൃത്തിക്ക് 1467.5Kg Giപൈപ്പ് ഉപയോഗിച്ചതായി കാണിച്ച് കൺവീനർക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഫയലിനോയൊപ്പം ഉള്ളടക്കം ചെയ്ത ബിൽ (Sanco Associates.Edarikkode, Kottakkal) പ്രകാരം 1375.2Kg പൈപ്പ് മാത്രമാണ് ഈ പ്രവൃത്തിക്ക് വേണ്ടി വാങ്ങിയിട്ടുള്ളത്.

കൺവീനർ ഹാജരാക്കിയ ബില്ലിലും കൂടിയ അളവിൽ പൈപ്പുകൾ ഉപയോഗിച്ചു എന്ന് തെറ്റായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ബിൽ തുക നൽകിയത് ക്രമ പ്രകാരമല്ല. അധിക തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | അളവ് പുസ്തകം പ്രകാരം അളവ് | ബിൽ പ്രകാരം അളവ് | അധികം | അധികംനൽകിയ തുക |
|---|---|---|---|---|---|
| GLPS എടക്കാപറമ്പ് ഓപ്പൺ എയർ ഓഡിറ്റോറിയം ( 194/18).<br>കൺവീനർ. ശ്രീ.വാസു<br>അളവ് പുസ്തകം 3/17-18<br>ബിൽ 15/25.8.2017<br>തുക 484046<br>DSR 2014 cost index 36.19% | ഇനം 2 സ്റ്റീൽവർക്ക് | 1467.5Kg | 1375.2Kg | 92.3Kg | 12091<br>(@131/Kg) |
| | ആകെ | | | | 12091 |

10 /5.2.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 സെന്ററിങ് പ്രവൃത്തി - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കഴുകൻ ചിന വെട്ടുതോട് റോഡ് ഹാൻഡ് റയിൽ, പൂച്ചോലമാട് യതീംഖാന റോഡ് സൈഡ് പ്രൊട്ടക്ഷൻ എന്നീ പ്രവത്തികളിൽ സെന്ററിങ് പ്രവൃത്തിക്ക് ചുവടെ കാണം പ്രകാരം അധിക തുക നൽകിയിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ ഇനം 3 ആയി ഫൗണ്ടഷൻ പ്രവൃത്തിക്ക് 2 ഭാഗത്തും സെന്ററിങ് പ്രവൃത്തി ചെയ്തതായി കാണിച്ച് DSR 5.9.6 പ്രകാരമുള്ള നിരക്ക് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് വേണ്ടി എർത്ത് വർക്ക് ചെയ്ത് മണ്ണ് മാറ്റിയ ശേഷമാണ് സെന്ററിങ് ചെയ്യുന്നത്. ആയതിനാൽ ഒരു ഭാഗത്ത് മൺതിട്ട നിലവിലുണ്ടാവും. (4.5.2019 ന് സ്ഥല പരിശോധനയിൽ ഇക്കാര്യം ബോധ്യമായതുമാണ്) ഈ ഭാഗത്ത് സെന്ററിങ് ആവശ്യമില്ല. മാത്രമല്ല DSR 5.9.6 പ്രകാരമുള്ള ഡാറ്റയിൽ 2-3.5 മീറ്റർ ഉയരമുള്ള തൂണുകൾ (prop) ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ശരാശരി 40 cm ഉയരത്തിൽ മണ്ണെടുത്ത ഭാഗത്ത് ഇത്തരം തൂണുകൾ ഉപയോഗിച്ച് സെന്ററിങ് ചെയ്യാൻ കഴിയില്ല എന്ന് വ്യക്തമാണ്. ഈ പ്രവൃത്തിക്ക് DSR 5.9.5 പ്രകാരമുള്ള നിരക്ക് (ഒരു വശത്ത്) നൽകിയാൽ മതിയാവും. ആയതിനാൽ സെന്ററിങ് പ്രവൃത്തിക്ക് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

ഇതേ പ്രവൃത്തിയിൽ പ്ലിന്ത് ബീമിന് DSR 5.9.6 പ്രകാരമുള്ള നിരക്കാണ് നൽകിയത്. പ്ലിന്ത് ബീം സെന്ററിങ് പ്രവൃത്തിക്ക് DSR 5.9.5 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത് . ഈ ഇനത്തിൽ അധികം നൽകിയ തുകയും ഈടാക്കേണ്ടതാണ്.

2. പൂച്ചോലമാട് യതീംഖാന റോഡ് സൈഡ് പ്രൊട്ടക്ഷൻ എന്ന പ്രവത്തിയിൽ ബെൽറ്റ് പ്രവൃത്തിക്ക് വേണ്ടിയുള്ള സെന്ററിങ് ചെയ്തതിന് DSR 5.9.6 പ്രകാരമുള്ള നിരക്കാണ് നൽകിയത്. ഈ ഇനത്തിന് DSR 4.3.1 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്.

അധിക നിരക്കിൽ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധിക തുക 12918 ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് പുസ്തകം പ്രകാരം അളവ് | നൽകാവുന്ന തുക | നൽകിയത് | അധികം |
|---|---|---|---|---|
| കഴുകൻ ചിന വെട്ടുതോട് റോഡ് ഹാൻഡ് റയിൽ ( 229/18).<br>കരാറുകാരൻ. ശ്രീ.മുഹമ്മദ് റാഫി. ഇ.സി<br>അളവ് പുസ്തകം249<br>ബിൽ 81/31.3.2018<br>തുക 130285<br>DSR 2016 cost index 37.25% | ഇനം 3 17.21m3<br>ഫൗണ്ടഷൻ | 4050<br>(8.605m3@470.63<br>17.21/2=8.605) (DSR 5.9.5) | 11051<br>(@17.21* 642.12<br>DSR 5.9.6) | 7001 |
| | 12.87m3<br>പ്ലിന്ത് ബീം | 6057<br>(@470.63) (DSR 5.9.5) | 8264<br>@642.12 | 2207 |
| പൂച്ചോലമാട് യതീംഖാന റോഡ് സൈഡ് പ്രൊട്ടക്ഷൻ ( 97/18).<br>കരാറുകാരൻ ശ്രീ. മുഹമ്മദ് റാഫി. | ഇനം 6 9.64m$^2$<br>(ബെൽറ്റ്) | 2613<br>(@271.07<br>DSR 4.3.1) | 6323<br>(@655.93<br>DSR | 3710 |

| | | | | |
|---|---|---|---|---|
| ഇ.സി<br>അളവ് പുസ്തകം 74/17-18<br>ബിൽ 61/23.3.2018<br>തുക 134399<br>DSR 2016 cost index 40.2% | | | 5.9.6) | |
| | | | | 12918 |

## 3-4 റോഡ് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി - Gi പൈപ്പിന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൂച്ചോലമാട് യതീംഖാന റോഡ് സൈഡ് പ്രൊട്ടക്ഷൻ എന്ന പ്രവൃത്തിയുടെ ഇനം 8 ആയി റോഡ് സൈഡിൽ കോൺക്രീറ്റ് പോസ്റ്റിനുള്ളിലൂടെ Gi പൈപ്പ് സ്ഥാപിച്ചതിന് അധിക തുക നൽകിയിട്ടുണ്ട്.

DSR കോഡ് 50.10.1 പ്രകാരം വെൽഡിങ് വർക്കിന് ബാധകമായ നിരക്കാണ് ഈ ഇനത്തിന് നൽകിയിട്ടുള്ളത്. എന്നാൽ 4.2.2019 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ സിമന്റ് കോൺക്രീറ്റ് പോസ്റ്റിനുള്ളിലൂടെ Gi പൈപ്പ് കടത്തി വെച്ച് സംരക്ഷണ വേലി സ്ഥാപിക്കുന്ന പ്രവൃത്തിയാണ് അവിടെ ചെയ്തിട്ടുള്ളത് എന്ന് മനസ്സിലായി. ഈ പ്രവത്തിയിൽ വെൽഡിങ് വർക്ക് ആവശ്യം വന്നിട്ടില്ല എന്നും മനസ്സിലാക്കാനായി.

ഈ ഇനത്തിന് വെൽഡിങ് വർക്കിന് ബാധകമായ തുക അനുവദിച്ചത് വഴി 5650 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്ത അളവ് | നൽകിയ തുക (code50.10.1) @114.33 /Kg | നൽകാവുന്ന തുക (72.3 M) | അധികം |
|---|---|---|---|---|
| പൂച്ചോലമാട് യതീംഖാന റോഡ് സൈഡ് പ്രൊട്ടക്ഷൻ ( 97/18).<br>കരാറുകാരൻ ശ്രീ. മുഹമ്മദ് റാഫി. ഇ.സി<br>അളവ് പുസ്തകം 74/17-18<br>ബിൽ 61/23.3.2018<br>തുക 134399<br>DSR 2016 cost index 40.2% | ഇനം 8 250.158Kg<br>(72.3M *3.46kg) | 28601 | 22951<br>@317.44 | 5650 |

നൽകാവുന്ന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1549 | GI pipe 50mm dia | metre | 10.20000 | 185.00 | 1887.00 |
| 2271 | carriagr GI pipe below 100 mm dia | tonne | 0.03723 | 92.24 | 3.43 |
| 0115 | cooli | Day | 0.16000 | 368.00 | 58.88 |
| Total | | | | | 1949.31 |
| Cost for 10 Metre | | | | | 1949.31 |
| Cost for 1 Metre | | | | | 194.93 |
| Add water charge1% | | | | | 1.95 |
| Total | | | | | 196.88 |
| Add CPOH 15% | | | | | 29.53 |
| | | | | | 226.41 |
| Cost index 40.2% | | | | | 91.01 |
| Total | | | | | 317.44 |

9 /5.2.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-5 മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പദ്ധതികളിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെ കാണുന്ന പ്രകാരം തുക കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്,നമ്പർ | ബിൽ,ചെക്ക് നമ്പർ/തിയ്യതി | മരുന്നിനായി നല്കിയ തുക(പ്രഫോർമ ഇൻവോയിസ് പ്രകാരം) | ശേഷിക്കുന്നത് | റിമാർക്സ് |
|---|---|---|---|---|---|
| 1 | പരിരക്ഷ പാലിയേറ്റീവ് പരിചരണം (170/17-18) | 8/2017-18 തി.26-10-2017<br>1,60,000<br>(പ്ലാൻഫണ്ട്)<br>50,000<br>ചെക്ക് 1834549<br>തി.24.3.18888<br>(തനതു ഫണ്ട്) | 2,10,000 | 67,729 | 50,000 രൂപക്കുള്ള രശീതി ഫയലിൽ ലഭ്യമല്ല. |
| 2 | പി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ (176/17-18) | 9/2017-18<br>തി.26-10-2017 | ₹150,000<br>(എം.ജി. നോൺറോഡ്) | 14,279 | |
| 3 | പെയിൻ ആൻഡ് | 15/2017-18 | 100,000 | 13,613 | |

| | | | | | |
|---|---|---|---|---|---|
| | പാലിയേറ്റീവിനു സഹായം(238/17-18) | തി.17-03-2018 | (പ്ലാൻ ഫണ്ട്) | | |
| | ആകെ | | | 95621 | |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ-1/31.1.2019) നല്കിയതിനെ തുടർന്ന് മരുന്നു ലഭ്യമാക്കാൻ കെ.എം.സി.എൽ-നു 48/2018 തി. 1.2.2019 പ്രകാരം കത്തു നല്കിയിട്ടുണ്ടെന്നു മറുപടി നല്കി.

ക്രമ നം.1 റിമാർക്സിലെ പരാമർശത്തിനു മറുപടി നല്കിയിട്ടില്ല. രശീതിയും ശേഷിക്കുന്ന മരുന്നുകളുടെ സ്റ്റോക്ക് വിവരങ്ങളും ഹാജറാക്കുന്നത് വരെ 95621 രൂപ തടസത്തിൽ വെക്കുന്നു.

## 3-6 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളുടെ ചെലവു രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | വിഷയം /പദ്ധതി നമ്പർ | ബിൽനം/ തീയതി | തുക | അപാകത |
|---|---|---|---|---|
| 1 | ഐ.കെ.എം സാങ്കേതിക സഹായത്തിനു വിഹിതം നല്കൽ എസ്.0158/17-18 | 3/2017-18 തി.22.7.17 | 82,025 | വിനിയോഗ സാക്ഷ്യപത്രമില്ല |
| 2 | ബ്ലോക്ക് പഞ്ചായത്തിനു ഐഎവൈ വിഹിതം നല്കൽ(ജനറൽ) എസ്.0003/17-18, | 2/2017-18 തി.22.7.17 | 17,084 | രസീതി, വിനിയോഗ സാക്ഷ്യപത്രമില്ല |
| | ആകെ | | 99,109 | |

രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആയത് വരെ ചെലവു തുക 99,109 രൂപ തടസത്തിൽ വെക്കുന്നു.

## 3-7 എസ്.എസ്.എ.ഫണ്ട് കൈമാറിയത് - കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപ്പത്രം -ഹാജരാക്കിയില്ല തുക തടസ്സം ചെയ്യുന്ന

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ SOO70/18 SSAവിഹിതം (കേന്ദ്ര ഫണ്ട്) 3,60,000/രൂപ വകയിരുത്തിയതിൽ-ചെക്ക് നമ്പർ 1614284തീയതി 3.10.2017 പ്രകാരം3,60,000/-രൂപയുംപ്രോജക്ട് നമ്പർ SO139/18എസ്.എസ്.എ.വിഹിതം നൽകൽ പദ്ധതിക്കായി പൊതുവിഭാഗം സാധാരണ വിഹിതംഫണ്ടിനത്തിൽ വകയിരുത്തിയ 21,00,000/രൂപ(ബിൽ നമ്പർ-1/17-18തീയതി 18.7.17പ്രകാരം)യും ചേർത്ത് 24,60,000/-രൂപ ജില്ലാ പ്രോജക്ട് ഓഫീസർ മലപ്പുറത്തിന് A/c N0.2353101005391(എൻ.ആർ.ഐ.ബ്രാഞ്ച് കാനറാ ബാങ്ക്,മലപ്പുറം) ലേക്ക് നൽകിയിട്ടുണ്ട്. കണ്ണമംഗലം ഗ്രാമപഞ്ചായത്തിന് കൈമാറിയ സ്കൂളുകൾക്ക് നടത്തിയ പ്രവർത്തനങ്ങൾ,ചെലവുകൾ സംബന്ധിച്ച് വിശദമായ വിനിയോഗസാക്ഷ്യപ്പത്രം ജില്ലാ പ്രോജക്ട് ഓഫീസർ ,എസ്.എസ്.എ.മലപ്പുറം പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.രേഖകളുടെ അഭാവത്തിൽ ചെലവു തുക 24,60,000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന്

നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

## 3-8 തുല്യതാ പരീക്ഷ – കേരള സംസ്ഥാന സാക്ഷരതാ മിഷന് തുക അടവാക്കിയത്- കൈപ്പറ്റ് രശീതി,വിനിയോഗസാക്ഷ്യപ്പത്രം എന്നിവ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ SO148/18 തുല്യതാ പരീക്ഷ എന്ന പ്രോജക്ടിനായി (ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതിക്ക്) 51,000/-രൂപ 1നമ്പ ഫണ്ട് വകയിരുത്തിയിരുന്നു.വൗച്ചർ നമ്പർ 9/17-18തീയതി 31.3.18 പ്രകാരം 31500/- രൂപ ചെലവഴിച്ചിട്ടുണ്ട്.പത്താം തരം തുല്യതാ പരീക്ഷ 18പേർക്കുള്ള പരീക്ഷാ ഫീസ് ഡയറക്ടർ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് എസ്.ബി.ഐ.ശാസ്തമംഗലം ബ്രാഞ്ച് A/c No.57026996123 ലേക്ക്31500/-രൂപയും ഒടുക്കിയിട്ടുണ്ട്. 10 -ാം തരത്തിൽ ആകെ എത്ര പേർ പരീക്ഷ എഴുതി എന്നതിന്റെ വിവരം ലഭ്യമാക്കിയില്ല. കൂടാതെ തുക കൈപ്പറ്റിയതിന് കൈപ്പറ്റ് രശീതി,തുക ഉദ്ദിഷ്ട കാര്യത്തിന് തന്നെ വിനിയോഗിച്ചു എന്നതിന് വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ഫയലിലില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക 31,500/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

## 3-9 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ - അവലോകനം

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 130 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 86 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 34ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 130 | ആകെ അടങ്കൽ | 33884746 |
| നടപ്പിലാക്കിയത് | 86 | ചെലവ് | 18741629 |
| ശതമാനം | 66.15 | ചെലവ് ശതമാനം | 55.31 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 50 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 12 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

തൻവർഷം പുതുതായി അംഗീകാരം ലഭിച്ച 80 പ്രൊജക്ടുകളിൽ 32 എണ്ണവും ഈ വർഷം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

സ്റ്റാന്റിങ് കമ്മിറ്റികൾ ഫലപ്രദമായി പ്രവൃത്തിക്കുന്നില്ല.

2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വികസന സ്റ്റാന്റിങ് കമ്മിറ്റി യോഗം ചേർന്നത് 14 തവണയാണ്. പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട വികസന സ്റ്റാന്റിങ് കമ്മിറ്റി, പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവ ചർച്ച ചെയ്തതിട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ , ഗ്രൂപ്പിന് മാർഗ്ഗ നിർദേശം നൽകുകയോ ചെയ്തിട്ടുമില്ല.

വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങൾ കേവല യോഗങ്ങൾ മാത്രമായി അവസാനിച്ചിരിക്കുകയാണ്. പൊതു മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് 27.5.2017, 3.6.2017, 10.6.2017, 12.6.2017, 27.12.2017, 20.2.2018, 1.3.2018 എന്നീ തീയ്യതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. ഇവയിൽ 27.12.2017, 1.3.2018 എന്നീ തീയ്യതികളിലെ യോഗ മിനുട്സ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. നടപ്പിലാക്കാൻ ഉദ്ധേശിക്കുന്ന ഏതാനും പ്രവൃത്തികളുടെ പേര് എഴുതി വെച്ച എന്നതിലപ്പുറം വർക്കിങ് കമ്മിറ്റി പദ്ധതി രൂപീകരണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

പ്രൊജക്റ്റുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷത്തെ ആകെ പദ്ധതി അടങ്കലിന്റെ 49% തുക അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികൾക്കായാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതി ചെലവിന്റെ 38% ഉം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികളുടേതാണ്.

ഒരു അസിസ്റ്റന്റ് എഞ്ചിനീയറും 2ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ എഞ്ചിനീയറിങ് വിഭാഗത്തിൽ ഉണ്ടായിരുന്നത്. ഓഡിറ്റ് കാലയളവിൽ 6 അസിസ്റ്റന്റ് എഞ്ചിനീയർമാർ ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്തിട്ടുണ്ട്.

പരിമിതമായ ജീവനക്കാരെ വെച്ച് ഇത്രയും വലിയ തോതിലുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നത് പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായിട്ടുണ്ട് എന്ന് വ്യക്തമാണ്. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്നതും വ്യക്തമാണ്. ഇടക്കിടെയുള്ള സ്ഥലം മാറ്റങ്ങൾ കാരണം ജീവനക്കാർ മാറി മാറി വരുന്നതും പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

എഞ്ചിനീയറിങ് വിഭാഗത്തിന് വാഹനം വാടകക്കെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തിൽ അപ്രകാരം വാഹന സൗകര്യം അവർക്ക് ലഭ്യമാക്കിയിട്ടില്ല. എഞ്ചിനീയറിങ് വിഭാഗത്തിന് വാഹന സൗകര്യം ഏർപ്പെടുത്താൻ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

2.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്റ്റുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്റ്റുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ്

കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

പദ്ധതി രൂപീകരണം - സ്റ്റാറ്റസ് റിപ്പോർട്ട് പരിഗണിക്കുന്നില്ല

2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തിൽ 73കിലോമീറ്റർ ടാർ റോഡും, 13.60 കിലോമീറ്റർ മൺ റോഡും, 6കിലോമീറ്റർ കോൺക്രീറ്റ് റോഡും, 400 മീറ്റർ കോൺക്രീറ്റ് നടപ്പാതയും, 3 കിലോമീറ്റർ മൺ നടപ്പാതയും ഉൾപെടെ ആകെ 96 കിലോമീറ്റർ റോഡ് ആണ് ഉള്ളത്.

സ്റ്റാറ്റസ് റിപ്പോർട്ട് ഖണ്ഡിക 1.1.2 പ്രകാരം ഗ്രമ പഞ്ചായത്തിൽ നടപ്പാലം, കലുങ്ക്, പാലം എന്നിവ ആകെ 20 എണ്ണം ഉള്ളതിൽ 17 എണ്ണം അറ്റകുറ്റപണി ആവശ്യമുള്ളവയാണ്. കൂടാതെ 14 എണ്ണം പുതിയതായി നിർമ്മിക്കേണ്ടതുണ്ടെന്നും സ്റ്റാറ്റസ് റിപ്പോർട്ടിലുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ട് ഖണ്ഡിക 1.1.10 പ്രകാരം ഗ്രമ പഞ്ചായത്തിൽ പൊതു കിണർ 22 എണ്ണമുള്ളതിൽ 18 എണ്ണം അറ്റകുറ്റപണി ആവശ്യമുള്ളവയാണ്. 10 എണ്ണം പുതിയതായി നിർമ്മിക്കേണ്ടതുണ്ടെന്നും സ്റ്റാറ്റസ് റിപ്പോർട്ടിലുണ്ട്. പൊതു കുഴൽ കിണർ 120 എണ്ണമുള്ളതിൽ 80 എണ്ണം അറ്റകുറ്റപണി ആവശ്യമുള്ളവയാണ്. 40 എണ്ണം പുതിയതായി നിർമ്മിക്കേണ്ടതുണ്ടെന്നും സ്റ്റാറ്റസ് റിപ്പോർട്ടിലുണ്ട്. എന്നാൽ പാലം, പൊതു കിണർ, കുഴൽ കിണർ എന്നിവ അറ്റകുറ്റപണി ചെയ്യാനും പുതിയതായി നിർമ്മിക്കാനും ഓഡിറ്റ് വർഷത്തിൽ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട്, പദ്ധതി അംഗീകാരം ലഭിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ ഒരു റിപ്പോർട്ട് മാത്രമാക്കി മാറ്റി എന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്. മാറ്റാതെ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് വർഷം തയ്യാറാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച പരിശോധന പൂർണ്ണ തോതിൽ നടത്താനായിട്ടില്ല. വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും സ്റ്റാന്റിങ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതുമാണ്.

2017-18 വർഷത്തെിൽ അംഗീകാരം ലഭിച്ച ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള ഒരു പ്രവൃത്തി ഇ-ടെണ്ടർ മുഖേനയും ബാക്കിയുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.
മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത എല്ലാ പ്രവൃത്തികളിലും ആകെ രണ്ടോ അതിൽ കുറവോ കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്.

രണ്ട് ടെണ്ടർ സമർപ്പിക്കപ്പെട്ടതിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ നാമമാത്ര കുറവും അപരൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്ത എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/നാമമാത്ര കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്.

2017-18 വർഷത്തെിൽ ആകെ 8 കരാറുകാർ പഞ്ചായത്തിൽ വിവിധ പ്രവൃത്തികളുടെ മാന്വൽ ടെണ്ടറിന് ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് എന്നിട്ടും ഭൂരിപക്ഷം പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് എന്നതിൽ നിന്നും കരാറുകാർ പഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്നതിനായി അന്യായമായി സംഘംചേർന്നതാണ് എന്ന് വ്യക്തമാകുന്നുണ്ട്.

ഇത്തരത്തിലുള്ള ക്രമക്കേടുകൾ തടയുന്നതിന് എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ ചെയ്യുന്നതും, ടെണ്ടർ പരസ്യത്തിന് കൂടുതൽ പ്രചാരം നൽകുന്നതിന് ഗവ നിർദേശിച്ച നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1.മോണിറ്ററിംഗ് സമിതി റിപ്പോർട്ട്,പൂർത്തീകരണപത്രം എന്നിവ ഹാജരാക്കിയില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ പതിമൂന്ന് പദ്ധതികൾക്ക് അംഗീകാരം വാങ്ങുകയും 11 എണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പതിനൊന്ന് പദ്ധതികൾക്കും GO(MS)N0.72/2017/ ത.സ്വ.ഭ.വ.തീയതി29.3.17പൊതു നിബന്ധന 14.6(1) പ്രകാരംവർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണശേഷം മോണിറ്ററിംഗ് ഗ്രൂപ്പുകളായി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകണമെന്ന നിബന്ധന പാലിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കേണ്ടതായ പൂർത്തീകരണപത്രവും തയ്യാറാക്കിയിട്ടില്ല.

2.പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് പ്രാകാരമുള്ള ചെലവുകൾ പ്രോജക്ട് രജിസ്റ്ററിൽ എഴുതി ഓഡിറ്റിന് ഹാജരാക്കിയില്ല.

3.ഫയൽ ചെലവു രേഖകൾ പ്രോജക്ട് പകർപ്പ് മറ്റനുബന്ധ രേഖകൾ ചേർത്ത്റ്റാഗ് ചെയ്ത് ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.

4. SC,ST വിദ്യാർത്ഥികൾക്കായുള്ള പദ്ധതികൾക്കായി തുക ചെലവഴിച്ചത് മറ്റ് സ്രോതസ്സിൽ നിന്നോ, എസ്.സി. വകുപ്പിൽ നിന്നോ ആനുകൂല്യം ലഭിച്ചില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല.

(എ).പ്രോജക്ട് നമ്പർ S0155/18 എസ്.സി.വിദ്യാർത്ഥികൾക്ക് മേശ,കസേര നൽകൽ പദ്ധതിക്ക് എസ്.സി.പി.ഫണ്ട് 3,90,000/- രൂപ വകയിരുത്തി3,88752/- രൂപ ബിൽ നമ്പർ 4/17-18 തീയതി24.3.18പ്രകാരം പിൻവലിച്ച് 104 മേശയും കസേരയും വാങ്ങി1,2,3ക്ലാസ്സുകളിലെ നൂറ്റിനാല് കുട്ടികൾക്ക് നൽകിയിട്ടുണ്ട്.

(ബി.) പ്രോജക്ട് നമ്പർSO151/18 ST വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങി നൽകൽ പദ്ധതിക്ക് ടി.എസ്.പി.ഫണ്ട് 8,000/- രൂപ വകയിരുത്തി 8,000/- രൂപ ബിൽ നമ്പർ 7/17-18തീയതി 24.3.18 പ്രകാരം പിൻവലിച്ച് 2 കുട്ടികൾക്ക് മേശയും കസേരയും നൽകിയിട്ടുണ്ട്.

(സി)പ്രോജക്ട് നമ്പർ S)152/18 ST വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതിക്ക് വകയിരുത്തിയ ടി.എസ്.പിഫണ്ട്,തനതുഫണ്ട് എന്നിവ യഥാക്രമം 2,000/- 6,000/- എന്നിങ്ങനെ ,ടി.എസ്.പി.ഫണ്ട് 2,000/-(ബിൽ നമ്പർ 2/17-18തീയതി 6.1.18) 6000/-(ചെക്ക് നമ്പർ 9809/29.11.2017) 2 പേർക്ക് നൽകിയിട്ടുണ്ട്.

(ഡി) പ്രോജക്ട് നമ്പർ SO154/18 എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതിക്കായി വികസന ഫണ്ട് സാധാരണവിഹിതം 2,00,000/- രൂപയുംവേങ്ങര ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2,00,000/-രൂപയും ചേർത്ത് വകയിരുത്തിയ ആകെ 4,00,000/-രൂപയിൽ 2,00,000/-രൂപ(ബിൽ നമ്പർ 3/17-18തീയതി 24.3.18) 2,00,000/- രൂപ(ചെക്ക് നമ്പർ 1834548/24.3.18)ചേർത്ത് ആകെ 4,00,000/-രൂപ ചെലവഴിച്ച്8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് 60 സൈക്കിളും ആൺകുട്ടികൾക്ക് 40സൈക്കിളും അടക്കം 100 സൈക്കിളുകൾ വിതരണം ചെയ്തിട്ടുണ്ട്.

സ്കൂൾ വഴി നൽകണമെന്ന നിബന്ധനയും പ്രത്യേക രജിസ്റ്റർ സൂക്ഷിക്കണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല.

5.സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത

ഹെഡ് മാസ്റ്റർ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് വിവരം ചേർക്കുന്നെങ്കിലും വിതരണ വിവരം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകത പരിഹരിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

## 3-11 ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് /ബത്ത ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയില്ല-12 മാസവും ആനുകൂല്യംനൽകണമെന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ SO142/18 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത എന്ന പ്രോജക്ട് പ്രകാരം തനതു ഫണ്ട് 4,00,000/-രൂപയും ബ്ളോക്ക് പഞ്ചായത്ത് (വേങ്ങര) വിഹിതം 2,00,000/-രൂപയും ചേർത്ത് ആകെ 6,00,000/-രൂപ വകയിരുത്തി യിരുന്നു.അതിൽ തനതു ഫണ്ട് 3,97,600/-രൂപയും(ചെക്ക് നമ്പർ 2692217 തീയതി24.3.18 പ്രകാരം )ബ്ളോക്ക് വിഹിതം 2,00,000/-രൂപയും (ചെക്ക് നമ്പർ1834548/24.3.18 ചേർത്ത് )ആകെ

5,97,600/-രൂപ ചെലവഴിച്ചിട്ടുണ്ട്.ബുദ്ധിമാന്ദ്യമുള്ള 36പേർക്കും ഭിന്നശേഷിക്കാരായ 18പേർക്കുംചേർത്ത് ആകെ 54 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.പന്ത്രണ്ട് മാസവും ആനുകൂല്യം നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. GO(MS)No.80/2017/തസ്വ.ഭ.വ.തീയതി 3.4.17 പൊതു നിബന്ധന 10.4 കുറിപ്പ്(1) പ്രകാരം സ്കോളർഷിപ്പ്/ബത്ത നൽകേണ്ട പ്രോജക്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണ്.ജില്ലാ പഞ്ചായത്ത് വിഹിതം കൂടി സമന്വയിപ്പിച്ച് പ്രോജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ധനസഹായത്തിന് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളായവരുടെയും പട്ടിക പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണമെന്ന മാർഗ്ഗരേഖാനിർദ്ദേശം പാലിച്ചിട്ടില്ല.പ്രതി മാസ സ്കോളർഷിപ്പ് /ബത്ത് എന്നിവ മുടക്കം കൂടാതെ അക്കൗണ്ടിൽ എത്തിക്കാനും 12മാസവും നൽകാനുമുള്ളനിർദ്ദേശം പാലിക്കേണ്ടതാണ്.ആകയാൽ പഞ്ചായത്ത്-ബ്ളോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി പദ്ധതി(25:25:50അനുപാതത്തിൽ)നടപ്പിലാക്കേണ്ടതും പരമാവധി ധനസഹായം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.പദ്ധതി നടപ്പിലാക്കിയത് പരിശോധിച്ച് മോണിറ്ററിംഗ് സമിതി ഭരണസമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും റിപ്പോർട്ട് നൽകിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകത പരിഹരിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

## 3-12 ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ അപാകതകൾ

1. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 10പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങി 10 പ്രോജക്ടുകളും നടപ്പിലാക്കി. വിവിധ ഫണ്ടുകളിലായി ആകെ വകയിരുത്തിയ 7090125/-രൂപയിൽ 6301401/- രൂപ ചെലവഴിച്ചു. മറ്റനുബന്ധ ചെലവു രേഖകൾ ഭംഗിയായി ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ മേൽ 10പ്രോജക്ടിനും,ജി.ഒ.(എം.എസ്)നം72/2017/ ത.സ്വ.ഭ.വ.തീയതി 29.03.2017പൊതു നിബന്ധന 14.6(1)പ്രകാരം പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

2.വൃദ്ധജനങ്ങൾക്കായി കട്ടിൽ എന്ന പദ്ധതി മാത്രം നടപ്പിലാക്കി.

ജി.ഒ.(എം.എസ്.)നം.72/2017/ത.സ്വ.ഭ.വ.തീയതി. 29.03.2017 പൊതുനിബന്ധന 13.5പ്രകാരം വയോജന ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കാമെന്നിരിക്കേ വൃദ്ധർക്ക് കട്ടിൽ എന്ന രണ്ട് പ്രോജക്റ്റിലൂടെ(സ്പിൽ ഓവർ, പുതിയതും) പ്രോജക്റ്റ് നമ്പർ SOO64/18പ്രകാരം പൊതുവിഭാഗം വികസനഫണ്ട് സാധാരണവിഹിതം ചെലവഴിച്ച് (ബിൽ നമ്പർ 15/17-18 ,28.3.2018) 102കട്ടിലും SO207/18 പ്രകാരം (ബിൽ നമ്പർ 16/17-18,28.3.2018 ) 178 കട്ടിലും അറുപത് വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് വാങ്ങി നൽകുകയാണ് ചെയ്തത്. വൃദ്ധക്ഷേമത്തിനായി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ മറ്റു പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

4.ICDS സൂപ്പർവൈസർക്ക് കംപ്യൂട്ടർ സംവിധാനം ഉൾപ്പടെ നൽകി സുസജ്ജമായ ഓഫീസ് സംവിധാനം ഒരുക്കിയില്ല.

വൃദ്ധർ, കുട്ടികൾ,സ്ത്രീകൾ,ഭിന്നശേഷിയുള്ളവർ തുടങ്ങിയവർക്കായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന- പഞ്ചായത്തിന്റെ പദ്ധതി ചെലവിന്റെ നല്ലൊരു ശതമാനം ചെലവഴിക്കുന്ന ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് കംപ്യൂട്ടർ സംവിധാനം അടങ്ങുന്ന ഓഫീസ് സൗകര്യം പഞ്ചായത്ത് ഓഡിറ്റ് തീയതി വരെയും ഒരുക്കിയിട്ടില്ല.പദ്ധതി പ്രവർത്തനം സുഗമമാക്കാൻ ഓഫീസ് സംവിധാനം അനിവാര്യമാകയാൽ അടിസ്ഥാന സൗകര്യമൊരുക്കാൻ നടപടി സ്വീകരിക്കേണ്ടതും ഓഡിറ്റിനെ തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-13 മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ -വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കിയില്ല

VEOനിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നമ്പർ SO130/18മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ പദ്ധതിക്കായി പൊതു വിഭാഗം സാധാരണ വിഹിതം 3,75,000/-രൂപ വകയിരുത്തിയതിൽ 3,75,000/-രൂപ (ബിൽ നമ്പർ14/17-18തീയതി 18.1.18പ്രകാരം 75,000/രൂപ-ബിൽ നമ്പർ 20/17-18തീയതി 17.2.18പ്രകാരം 75,000/-രൂപബിൽ നമ്പർ 26/17-18 തീയതി9.3.18പ്രകാരം 75,000/-രൂപബിൽ നമ്പർ 36/17-18 തീയതി26.3.18 പ്രകാരം75,000/-രൂപബിൽ നമ്പർ39/17-18തീയതി 28.3.18പ്രകാരം 75,000/-രൂപയും ചേർത്ത്)യും ചെലവഴിച്ചു.എന്നാൽGO(MS)No.80/2017/ത.സ്വ.ഭ.വ.തീയതി 3.4.17 പൊതുനിബന്ധന 8.6(1)ൽ നിർദ്ദേശിച്ച പ്രകാരം 100 ച.മീറ്റർ വിസ്തീർണ്ണത്തിലുള്ള വീടുകൾക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.എന്നാൽമേൽ പ്രോജക്റ്റപ്രകാരം ആനുകൂല്യം നേടിയ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ഒന്നിലും വീടുകളുടെ വിസ്തീർണ്ണം 100 ച.മീറ്ററിൽ താഴെയാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതി മോണിറ്ററിംഗ് സമിതി യോഗം ചേർന്ന് പരിശോധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-14 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ പ്രധാന അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിൽമൂന്ന് പ്രോജക്റ്റുകൾക്ക് അംഗീകാരം വാങ്ങി , 6പ്രോജക്റ്റുകൾക്കായി വിവിധ ഫണ്ടുകളിലായി 2580000/-രൂപ വകയിരുത്തി 1980000/-രൂപ ചെലവഴിച്ചിട്ടുണ്ട്. GO(MS)No.72/2017/ ത.സ്വ.ഭ.വ.തീയതി 29.3.17പൊതു നിബന്ധന 14.6(1)പ്രകാരമുള്ള മോണിറ്ററിംഗ് സമിതി റിപ്പോർട്ട്,വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിരൂപീകരണശേഷം യോഗം ചേർന്ന് തയ്യാറാക്കി ഭരണസമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും നൽകണമെന്ന് നിർദ്ദേശം

പാലിച്ചിട്ടില്ല. കൂടാതെ പദ്ധതി പൂർത്തീകരണശേഷം പദ്ധതി കൈവരിച്ച ഭൗതിക ലക്ഷ്യങ്ങൾ ,നേട്ടങ്ങൾ എന്നിവക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ പൊതുനിബന്ധന 14(8) പ്രകാരം പൂർത്തീകരണപത്രം തയ്യാറാക്കിയിട്ടില്ല.

2. പഞ്ചായത്തു വാങ്ങി നൽകുന്ന മരുന്നിനായി ഒരു സ്റ്റോക്ക് രജിസ്റ്ററും വകുപ്പിനായി മറ്റൊരു സ്റ്റോക്ക് രജിസ്റ്ററും ഉപയോഗിച്ചു വരുന്നു. ഒരു സ്ഥാപനത്തിന് ഒരു സ്റ്റോക്ക് രജിസ്റ്റർ എന്ന നിബന്ധന പാലിക്കേണ്ടതാണ്.(2017-18 സാമ്പത്തിക വർഷത്തിൽ 50,000/-രൂപMG(NR) ഫണ്ടിൽ നിന്നും ബിൽ നമ്പർ 6/17-18 തീയതി26.3.18പ്രകാരം പിൻവലിച്ച് (പ്രോജക്ട് നമ്പർ SO167/18 പ്രാകാരമുള്ള മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതിക്കായി )JJ ഫാർമയിൽ നിന്ന് മരുന്നു വാങ്ങിയിട്ടുണ്ട്)

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-15 VEO നിർവ്വഹണം നടത്തിയ പദ്ധതികൾക്ക് മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയില്ല

2017-18സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ.നിർവ്വഹണ ഉദ്യോഗസ്ഥനായി 8പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങി 8 പ്രോജക്ടുകൾ നടപ്പിലാക്കി. ആകെ വകയിരുത്തിയ56,56,600/-രൂപയിൽ 48,23,325/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ- പ്രോജക്ട് കോപ്പി അനുബന്ധ ചെലവുരേഖകൾ ക്രമത്തിൽ റ്റാഗ് ചെയ്ത് ഭംഗിയായി സൂക്ഷിച്ചിട്ടില്ല. കൂടാതെ,മോണിറ്ററിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല. വീട്ട നിർമ്മാണത്തിനു മാത്രം സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-16 അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല

2. എഗ്രിമെന്റ് രജിസ്റ്ററിൽ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല. രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല

3. പ്രവൃത്തികളുടെ പൂർത്തീകരണത്തെ തുടർന്ന് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4. പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിച്ച പ്രവൃത്തികളിൽ സമിതി പാസ് ബുക്ക്, കൺവീനറുടെ പാൻ കാർഡ് പകർപ്പ് എന്നിവ പല പ്രവൃത്തികളിലും ഉള്ളടക്കം ചെയ്തിട്ടില്ല. സമിതി മിനുട്സ് ബുക്ക് അപൂർണ്ണമാണ്.

6. പ്രവൃത്തി കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നതിന് മുമ്പ് തന്നെ കരാറുകാരുമായി എഗ്രിമെന്റ് വെച്ചതായി ചില പ്രവൃത്തി ഫയലുകളിൽ കാണുന്നു.

ഉദാ:- 1) വൗച്ചർ 25/17.18 മേലില്ലത്ത് ചക്കാലക്കുന്ന് റോഡ്. സെലക്ഷൻ നോട്ടീസ് തീയ്യതി 14.8.17 കരാർ തീയ്യതി 28.7.2017.

2) വൗച്ചർ 26/17.18 ബദ്രിയ്യ നഗർ ഇരിങ്ങളത്തൂർ റോഡ് /17.18.സെലക്ഷൻ നോട്ടീസ് തീയ്യതി 14.8.17 കരാർ തീയ്യതി 28.7.2017.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും

രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-17 പെയിൻ ആൻഡ് പാലിയേറ്റീവിനു സഹായം-പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല

പ്രൊജക്ട് :പെയിൻ ആൻഡ് പാലിയേറ്റീവിനു സഹായം

നമ്പർ: S0238/17-18

തുക :100,000

ബിൽ നമ്പർ: 15/2017-18

തി.:17-03-2018

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം കണ്ണമംഗലം പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റി എന്ന(റെജി.നം.സി.എ./649/എംപി.എം/15) സ്വകാര്യ സ്ഥാപനത്തിനു മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി, 1,00,000 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.(രശീതി നം.4711 തി.17.3.2018)

മേൽ പദ്ധതി പ്രകാരമുള്ള ചെലവു തുകയിൽ അവശേഷിക്കുന്ന 13,613 രൂപയുടെ മരുന്നുകൂടി ലഭ്യമാകാൻ നടപടി സ്വീകരിക്കേണ്ടതും,മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിതരണ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.
കൂടാതെ സ. ഉ.(സാധാ)നം.3217/2015 തി.29.10.2015 പ്രകാരം ഉള്ള മാർഗ രേഖയിലെ മറ്റു നിർദേശങ്ങൾ പാലിക്കേണ്ടതും മരുന്നും ഉപകരണങ്ങളും ഉപയോഗപ്പെടുത്തിയതിന്റെ പ്രതിമാസ റിപ്പോർട്ട് (അനുബന്ധം-8) തയാറാക്കാനും, മേൽ സ്ഥാപനത്തെ പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ പങ്കാളി ആക്കാനും നടപടി സ്വീകരിക്കേണ്ടതും(ഖണ്ഡിക 5.1 മുതൽ 6.4) ഖ.8 പ്രകാരമുള്ള റജിസ്റ്ററുകളും രേഖകളും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 3-18 ആശ്രയ ഒന്നാം ഘട്ടപദ്ധതി പദ്ധതി പൂർത്തീകരണം- അധികം നൽകിയ തുക തിരികെ ഒടുക്കി

പ്രോജക്ട് നമ്പർ SO239/18 ആശ്രയ ഒന്നാം ഘട്ടപദ്ധതി പൂർത്തീകരണം എന്ന പദ്ധതിക്കായി തനതു ഫണ്ട് 5,000/- രൂപയുംജില്ലാ പഞ്ചായത്ത് മലപ്പുറംവിഹിതം 6,37,600/-രൂപയും ചേർത്ത് ആകെ 6,42,600/-രൂപ അടങ്കലിൽ 6,33,600/-രൂപ ചെക്ക് നമ്പർ 183547/15.3.18 പ്രകാരം 5 ആശ്രയപദ്ധതി ഗുണഭോക്താക്കൾക്ക് വീട്ടു നിർമ്മാണം പൂർത്തിയാക്കുന്നതിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകി.

1.മറിയുമ്മ പുളിലക്കോടൻ 80,000/-

2.സക്കീന ഉക്കച്ചിപാറയിൽ 1,93,600/-

3.ചക്കിക്കുട്ടി പുതിയപറമ്പിൽ 2,00,000/-

4.സുബൈദ ചാക്കീരി 80,000/-

5.സുബ്രഹ്മണ്യൻ കൊന്നക്കൻ 80,000/-

ആകെ 6,33,600/-

സക്കീന ഉക്കച്ചിപാറയിൽ എന്ന ഗുണഭോക്താവിന് 30.6.17 വരെആകെ അനുവദിച്ച 2,00,000/- രൂപയിൽ (2,50,000/-രൂപ ആകെ അടങ്കൽ) 75,000/- രൂപ 3 -മത്തെ ഗഡുവായി നൽകിയ തുകയിൽ 71,000/- രൂപ ചലഞ്ച് ഫണ്ടും 4,000/-രൂപ വികസന ഫണ്ടും ചേർത്തായിരുന്നു. ആകെ ഗുണഭോക്താവിന് നൽകേണ്ടത് ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും ചലഞ്ചുഫണ്ടിലേക്ക് തിരിച്ചടക്കാനുള്ള 71,000/ രൂപയും ഗുണഭോക്താവിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകേണ്ട -(ലൈഫ് അടങ്കൽ4,00,000/-രൂപയാക്കി) 80,000/- രൂപയും ചേർത്ത് 1,51,000/-രൂപ നൽകേണ്ടതിന് 1,93,600/-രൂപ നൽകിയിരുന്നു. ഗുണഭോക്താവ് 1,13,600/-രൂപ കുടുംബശ്രീയിൽ 23.3.18ന് തിരികെ ഒടുക്കിയിരുന്നു.അതിൽ 71,000/- രൂപ ചലഞ്ച് ഫണ്ടിലേക്കും 42600/-രൂപ 12.10.2018ലെ കേരളാ ഗ്രാമീൺ ബാങ്ക്, അച്ചനമ്പലം ബ്രാഞ്ച് ഡി.ഡി. നമ്പർ 02178 പ്രകാരം ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട്.

## 3-19 ഫയൽ ഹാജരാക്കിയില്ല

വൗച്ചർ 2/15.7.2017

ബിൽ 2/15.7.2017 തുക 282134

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കാഷ്മീർ പൂന്തോട്ടം റോഡ് (21/18) എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഈ പ്രവൃത്തിക്കായി 2016-17 വർഷത്തിൽ -VG30 – 31 ബാരൽ, RS1 – 3 ബാരൽ എന്നിങ്ങനെ 34 ബാരൽ ബിറ്റുമിൻ ഇഷ്യൂ ചെയ്തിട്ടുമുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, അളവ് പുസ്തകം, അനുബന്ധ രേഖകൾ എന്നിവ അടങ്ങിയ ഫയലും ഇഷ്യൂ ചെയ്ത ബിറ്റുമിൻ വില ക്രമീകരിച്ച വിവരവും ലഭ്യമാക്കേണ്ടതാണ്. ഫയൽ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വേങ്ങര | 2017-18 | 200000 | പരിരക്ഷ പാലിയേറ്റീവ് പരിചരണം പ്രൊജക്ട് നമ്പർ:170/18 | 200000 | 0 |
| | 2017-18 | 212500 | നെൽ കൃഷി വികസനം പ്രൊജക്ട് നമ്പർ:6/18 | 212500 | 0 |
| | 2017-18 | 200000 | ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പ്രൊജക്ട് നമ്പർ:142/18 | 200000 | 0 |
| | 2017-18 | 35000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, പ്രൊജക്ട് നമ്പർ:182/18 | 35000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2017-18 | 100000 | അങ്കണവാടി പൂരക പോഷകാഹാരം SC പ്രൊജക്ട് നമ്പർ:135/18 | 100000 | 0 |
| | 2017-18 | 262769 | വിവിധ സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്ലി കക്കൂസ് നിർമ്മാണം. പ്രൊജക്ട് നമ്പർ:129/18 | 262769 | 0 |
| | 2017-18 | 200000 | എസ്.സി സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ. പ്രൊജക്ട് നമ്പർ:154/18 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 633600 | ആശ്രയ ഒന്നാം ഘട്ട പദ്ധതി പൂർത്തീകരണം. പ്രൊജക്ട് നമ്പർ:239/18 | 633600 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2017-18 വർഷത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3-26 | 1507 | ശ്രീമതി. തങ്കമണി | 117150400001/11-04-2017 |
| ,, | ,, | 1747 | ശ്രീമതി. വിഷാലു | 117150400002/11-04-2017 |
| ,, | ,, | 1747 | ശ്രീമതി. ഷീന | 117150400003/11-04-2017 |
| ,, | ,, | 1747 | ശ്രീമതി. നളിനി വി | 117150400004/11-04-2017 |
| ,, | ,, | 1507 | ശ്രീമതി. തങ്ക | 117150400005/11-04-2017 |
| ,, | ,, | 1507 | ശ്രീമതി. ഉമ്മുകുൽസു | 117150400006/11-04-2017 |
| ,, | ,, | 1507 | ശ്രീമതി. മൈമൂന | 117150400007/11-04-2017 |
| ,, | ,, | 1507 | ശ്രീമതി. ഉമൈമത്ത് | 117150400008/11-04-2017 |
| ,, | ,, | 1507 | ശ്രീമതി. ആയിശു | 117150400009/11-04-2017 |
| ,, | ,, | 1586 | ശ്രീമതി. സക്കീന തെക്കൻ | 117150500003/10-05-2017 |
| ,, | ,, | 1586 | ശ്രീമതി. സാജിത | 117150500004/10-05-2017 |
| ,, | ,, | 1586 | ശ്രീമതി. മൈമൂനത്ത് | 117150500005/10-05-2017 |
| ,, | ,, | 1688 | ശ്രീമതി. ഷീന | 117150500012/05-06-2017 |
| ,, | ,, | 1655 | ശ്രീമതി. നളിനി | 117150500006/05-06-2017 |

| | | | | |
|---|---|---|---|---|
| ,, | ,, | 1521 | ശ്രീമതി. സക്കീന | 117150500009/05-06-2017 |
| ,, | ,, | 1520 | ശ്രീമതി. സാജിത | 117150500010/05-06-2017 |
| ,, | ,, | 1665 | ശ്രീമതി. തങ്കമണി | 117150500011/05-06-2017 |
| ,, | ,, | 1688 | ശ്രീമതി. ആയിശ്യ | 117150500007/05-06-2017 |
| ,, | ,, | 1684 | ശ്രീമതി. ഉമ്മുകൽസു | 117150500008/05-06-2017 |
| 2011-12 | 3-3 | 23700 | ശ്രീ. സിദ്ധീഖ് | 1171505100180/18-04-2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-1 | 2007-08 | --- | ഡെപ്പോസിറ്റ് വർക്ക് ബാക്കി തുക തിരികെ ലഭിച്ചില്ല | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2015-16 | --- | അക്കൗണ്ടിംഗ് സമ്പ്രദായം | നടപടി തുടരുന്നു |
| ,, | 3-2 | ,, | --- | വെള്ളക്കരം അവലോകനം | നടപടി തുടരുന്നു |
| 2014-15 | --- | 2016-17 | 2(1), 2(2) | --- | നടപടി തുടരുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69180318 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82801387 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45170 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2981977 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 3-1 | | 14511 | ശ്രീ. അരുൺ നാരായണൻ. ജി,അസിസ്റ്റന്റ് എഞ്ചിനിയർ -4329<br>ശ്രീ. ആർഷനാഥ്, അസിസ്റ്റന്റ് എഞ്ചിനിയർ – 10182 |
| 3-2 | | 12091 | ശ്രീ. അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | | 12918 | ശ്രീ. ആർഷനാഥ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-4 | | 5650 | ശ്രീ. ആർഷനാഥ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | | 45170 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 95621 | ഡോ. മൊഹിദ്ദീൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-6 | 99,109 | ശ്രീ. രമേശ്. പി, അസി. സെക്രട്ടറി, (സെക്രട്ടറി ഇൻ ചാർജ്) |
| 3-7 | 24,60,000 | ശ്രീ. ഹരീഷ് കുമാർ, ഹെഡ്മാസ്റ്റർ |
| 3-8 | 31,500 | ശ്രീ. ഹരീഷ് കുമാർ, ഹെഡ്മാസ്റ്റർ |
| 3-19 | 282134 | ശ്രീ. അനിൽ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2968364 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആർഷനാഥ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയറുടെ കാര്യാലയം, ഇറിഗേഷൻ സെക്ഷൻ, ശാസ്താം കോട്ട, സൂരനാട് | അനിഷാ ഭവൻ, തിരുമല്ലവാരം, കൊല്ലം, 691012 |
| ശ്രീ. അരുൺ നാരായണൻ. ജി, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി സെക്ഷൻ, പറപ്പൂർ ഗ്രാമ പഞ്ചായത്ത് | ശാന്തി നിലയം, എം.എസ്.പി വർക്ഷോപ്പിന് സമീപം, മലപ്പുറം ജില്ല. 676505 |
| ശ്രീ. അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി സെക്ഷൻ, കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത് | ചോലക്കാട്ട് ഹൗസ്, മക്കരപ്പറമ്പ്, മലപ്പുറം, 676507 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.എം.പി.എം.14/1036/18 തിയ്യതി 14.06.2018 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം.14/1036/18 തിയ്യതി 14.06.2018 | 7 |
| 2004-05 | കെ.എസ്.എ.എം.പി.എം.14/1036/18 തിയ്യതി 14.06.2018 | 1 |
| 2005-06 | എൽ എഫ് എം 14/2562/2011 തിയ്യതി 24.02.2010 | 12 |
| 2006-07 | എൽ എഫ് എം 14/668/10 തിയ്യതി 23.05.2011 | 25 |
| 2007-08 | എൽ എഫ് എം 14/1021/2011 തിയ്യതി 19.11.2011 | 12 |
| 2008-09to2010-11 | എൽ എഫ് എം 14/195/2013 തിയ്യതി 01.06.2013 | 27 |
| 2011-12, 2012-13 | കെ എസ് എ എം പി എം 14/3096/15 തിയ്യതി 04.07.2018 | 19 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.14/2140/16 തിയ്യതി 03.06.2017 | 6 |
| 2015-16 | കെ.എസ്.എ.എം.പിഎം.14/3000/16 തീയതി 06.02.2018 | 3 |
| 2016-17 | കെ.എസ്.എ.എം.പിഎം.14/1785/17 തീയതി 22.06.2018 | 14 |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.14/1205/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി 29-08-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്